"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - മലപ്പുറം ജില്ലയിൽ പ്രളയ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കുന്ന 4 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2031/2024/RD തീയതി,തിരുവനന്തപുരം, 29-08-2024

---

പരാമർശം:- 1. സ.ഉ.(കൈ)നം.25/2019/DMD തീയതി 23.08.2019

2. സ.ഉ.(സാധാ)നം.591/2024/DMD തീയതി 09.08.2024

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ പ്രളയ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കണമെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള (1)ശ്രീമതി.രജിത, W/o ഗണേഷ് കുമാർ, തെക്കേടത്ത് വീട്, എരുമുണ്ട പോസ്റ്റ്, വീട്ട് നം.IV/433 ചാലിയാർ പഞ്ചായത്ത് (2)ശ്രീ.രാജൻ, S/o മാനൻ, മലാംകണ്ട് കോളനി, വീട്ട് നം.13/287 (3)ശ്രീ.ചെറിയ പെരകൻ, ചെട്ടിയാൻ പാറ (4)ശ്രീമതി.രത്നമ്മ, W/o ശേഖരൻ, മുന്നാടൻ വീട്, എരുമുണ്ട എന്നിവരുടെ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ വീതം ആകെ 40 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2)മലപ്പുറം ജില്ലയിൽ പ്രളയ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കണമെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള (1) ശ്രീമതി.രജിത (2) ശ്രീ.രാജൻ (3) ശ്രീ.ചെറിയ പെരകൻ (4) ശ്രീമതി.രത്നമ്മ എന്നിവരുടെ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 10 ലക്ഷം രൂപ വീതം വിതരണം ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 40 ലക്ഷം രൂപ മലപ്പുറം കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3)വിതരണത്തിനാവശ്യമായി വരുന്ന തുകയായ **40,00,000/- രൂപ** (നാല്പത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്. ഗുണഭോക്താക്കൾക്ക് ഇതിനകം ടിയിനത്തിൽ ഇതേ തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അനുവദിക്കാൻ പാടില്ലാത്തതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ പി എൻ

ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, മലപ്പുറം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം

റവന്യൂ (ഡി.ആർ.എഫ് - എ, സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Rakesh Paul

Date: 31-08-2024 13:21:47

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ ക്ക്